**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4555** **29-10-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 01.01.1977 ന് മുമ്പ് കയ്യേറിയതായി ജോയിന്റ് വെരിഫിക്കേഷനിൽ കണ്ടെ ത്തിയ കയ്യേറ്റങ്ങൾ കേന്ദ്ര സർക്കാരിന്റെ അനുമതി നിയമാനുസൃതം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 01.01.1977 ന് ശേഷമുള്ള കയ്യേറ്റങ്ങൾ അനധികൃതമായ കയ്യേറ്റ ങ്ങളായി കണക്കാക്കി ആയത് നിയമാനുസൃതം തിരിച്ചു പിടിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വനാതിർത്തി നിയമാനുസൃതമുള്ള സർവ്വേ സ്കെച്ചുകൾ പ്രകാരം പുനർ നിർണ്ണയം ചെയ്ത് ജണ്ടകൾ നിർമ്മിച്ച് സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. |
| (ബി) | കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ നിരന്തരം പട്രോളിംഗും പരിശോധനയും നടത്തി വരുന്നുണ്ട്. വനം കയ്യേറ്റങ്ങളിൽ ഉൾപ്പെട്ട കുറ്റക്കാർക്കെതിരെ വനം നിയമം പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുകയും വനാതിർത്തികൾ സർവ്വേ ചെയ്ത് പുനർനിർണ്ണയിക്കുന്ന പ്രവർത്തിയും, സർവ്വേ പ്രവർത്തികൾ പൂർത്തിയാക്കിയ വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| (സി) | വനഭൂമിയും റവന്യൂഭൂമിയും തമ്മിൽ വേർതിരിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വനഭൂമിയും റവന്യൂഭൂമിയും തമ്മിൽ വേർതിരിക്കുന്നതിന് സർവ്വേ സ്കെച്ച് വഴി അതിർത്തി പുനർനിർണ്ണയം നടത്തി ജണ്ട നിർമ്മാണം നടത്തി വരുന്നുണ്ട്. ജണ്ട നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുള്ള വനാതിർത്തികളിൽ സർവ്വേ നടത്തി അതിർത്തി പുനർനിർണ്ണയിച്ച് ജണ്ടകൾ നിർമ്മിക്കുന്ന ജോലികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്താൻ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ? | (ഡി) | ജണ്ട നിർമ്മാണത്തിന്റെ പുരോഗതി എല്ലാമാസവും ഡിവിഷൻ, സർക്കിൾ, ഹെഡ്ക്വാട്ടേഴ്സ് തലത്തിൽ അവലോകനം ചെയ്ത് വിലയിരുത്തി, പുരോഗതി വിവരം വനം വകുപ്പിന്റെ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ